**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *474** **27.06.2019-ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എം. വിൻസെന്റ്**<br>**ശ്രീ.വി.എസ്.ശിവകുമാർ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.സണ്ണി ജോസഫ്** | **പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| **(എ)** തിരുവനന്തപുരം,കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച പുതുക്കിയ പദ്ധതി രേഖ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ പരിശോധിക്കാൻ ധനകാര്യ വകുപ്പ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ അവലോകനം ചെയ്യുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** പദ്ധതി നടത്തിപ്പിലെ കാലതാമസം മൂലം പദ്ധതി ചെലവ് ഭീമമായി വർദ്ധിക്കുമെന്നത് വസ്തുതയല്ലേ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ നിന്നും പിന്നോട്ടുപോകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ? | (ബി) പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായിട്ടില്ല. പുതുക്കിയ പദ്ധതി രേഖയ്ക്ക് അംഗീകാരം നൽകുന്നതിന് മുൻപ് ആവശ്യമായ പരിശോധനകളാണ് നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ